**ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം( I/c )**
**(റവന്യൂ കോംപ്ലക്സ്. പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം)**
**(ഹാജർ:-സബിൻ സമീദ്)**

നം. എൽ.ആർ.ഇ5-2000/19 തീയതി: 8/7/2019

വിഷയം- ജീവനക്കാര്യം - ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം- 04/07/2019 ലെ ഇതേ നമ്പർ നടപടിക്രമം

********

ലാൻഡ് റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും സ്ഥലമാറ്റവും അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ സ്ഥലംമാറ്റം സംബന്ധിച്ച പട്ടികയിൽ ക്രമ നമ്പർ 48-ാം നമ്പരായി ഇടുക്കി ജില്ലയിൽ നിന്നും ആലപ്പുഴ ജില്ലയിലെക്ക് സ്ഥലംമാറ്റി നിയമിച്ച ശ്രീ. അശോകൻ.ബി. എന്നവർ 30/06/2019 ൽ വിരമിച്ചിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ പരാമർശ പ്രകാരമുള്ള ഉത്തരവിലെ സ്ഥലംമാറ്റം സംബന്ധിച്ച പട്ടികയിൽ ക്രമ നമ്പർ 48 പ്രകാരം ശ്രീ. അശോകൻ.ബി. എന്നവർക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്തു ഇതിനാൽ ഉത്തരവാകുന്നു. അപ്രകാരം സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതു മൂലമുണ്ടാകുന്ന ഒഴിവിൽ പരാമർശ ഉത്തരവിലെ സ്ഥാനക്കയറ്റം/സ്ഥലം മാറ്റങ്ങൾ താഴെപറയും പ്രകാരം ഭേദഗതി വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| പരാമർശ ഉത്തരവിലെ ക്രമ നമ്പർ | പേര് | നിലവിൽ ജോലി നോക്കുന്ന ജില്ല | പരാമർശ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്ന ജില്ല | പുതിയതായി നിയമിക്കുന്ന ജില്ല |
|---|---|---|---|---|
| 28 | വിനോദ്.കെ. | തൃശ്ശൂർ | വയനാട് | പാലക്കാട് |
| 32 | ശ്രീലേഖ.വൈ | ആലപ്പുഴ | പാലക്കാട് | ആലപ്പുഴ |
| 63 | രമേശൻ.എം. | കൊല്ലം | വയനാട് | ഇടുക്കി |

പരാമർശ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മേൽ പരാമർശിച്ച ഭേദഗതി നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ(I/C)

ബന്ധപ്പെട്ട വ്യക്തികൾക്ക്
( ജില്ലാ കളക്ടർമാർ മുഖാന്തിരം)

പകർപ്പ്:-

1) ജില്ലാ കളക്ടർ, ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ
2) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി.എ.മാർക്ക്
3) അസിസ്റ്റന്റ് കമ്മീഷണർ(ആർ.ഇ)/(സീനിയോറിറ്റി സെൽ)
4) എൽ.ആർ. (റ്റി1/ഇ 2 ) സെക്ഷൻ
5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

T1/ 9/7